**SET A**

കണ്ണൂർ ജില്ലാ പഞ്ചായത്ത്

ഡയറ്റ് കണ്ണൂർ - സമഗ്ര ശിക്ഷ കേരളം കണ്ണൂർ

സമഗ്ര വിദ്യാഭ്യാസ പദ്ധതി

# SMILE 2023 - SSLC EXAMINATION, FEBRUARY - 2023
# SOCIAL SCIENCE

(Malayalam )

Time : 2 ½ Hours | Total Score : 80

---

നിർദ്ദേശങ്ങൾ :

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- Part - A യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. Part - B യിലെ ഒരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

---

**PART - A** Score

1. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം ;
   a. ജാലിയൻ വാലാബാഗ് b. ചൗരി ചൗര
   c. ക്വിറ്റ് ഇന്ത്യ d. റൗലറ്റ് നിയമം 1

2. ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാല സ്ഥാപിച്ചത്;
   a. ജി ജി അഗാർക്കർ b. രവീന്ദ്രനാഥ ടാഗോർ
   c. ഡി കെ കാർവെ d. മഹാദേവ് ഗോവിന്ദ റാനഡെ 1

3. ചുവടെ നൽകിയിട്ടുള്ളവയിൽ റാബി വിള ഏത്?
   a. നെല്ല് b. ഗോതമ്പ്
   c. പരുത്തി d. പച്ചക്കറികൾ 1

4. നികുതിയിതര വരുമാന സ്രോതസ്സുകളിൽ ഉൾപ്പെടാത്തത് ഏത്?
   a. ജി എസ് ടി b. ഫീസ്
   c. പലിശ d. ഗ്രാന്റ് 1

5. അളവ് – തൂക്ക നിലവാരം ഉറപ്പു വരുത്തുന്ന സർക്കാർ സ്ഥാപനം ;
   a. ലീഗൽ മെട്രോളജി വകുപ്പ് b. കേന്ദ്ര ഔഷധവില നിയന്ത്രണ കമ്മിറ്റി
   c. ഭക്ഷ്യ സുരക്ഷാവകുപ്പ് d. ഡ്രഗ്സ് കൺട്രോൾ വകുപ്പ് 1

6. ഹിമാലയൻ നദികളുടെ സവിശേഷതകൾ വ്യക്തമാക്കുക. 3

7. സമൂഹശാസ്ത്രത്തിലെ പഠനരീതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുക. 3

8. ഇന്ത്യൻ ദേശീയതയുടെ വളർച്ചക്ക് വിദ്യാഭ്യാസ രംഗത്തെ പുരോഗതി സഹായകമായത് എങ്ങനെ? 3

9. ധന നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഏവ ? 3

10. ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരങ്ങൾ എന്തെല്ലാം ? 3

11. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാമായിരുന്നു? 4

12. 'പൊതു താല്പര്യങ്ങളെ അവഗണിച്ച് സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി'– ഇവയെ മറികടക്കാനുള്ള മാർഗങ്ങൾ നിർദേശിക്കുക. 4

13. ജലഗതാഗതത്തിന്റെ പൊതുവായ മേന്മകൾ എന്തെല്ലാം? 4

14. **A** കോളത്തിനനുയോജ്യമായവ **B** കോളത്തിൽ നിന്ന് കണ്ടെത്തി എഴുതുക: 4

| A | B |
|---|---|
| സാധുജനപരിപാലന സംഘം | ടി കെ മാധവൻ |
| ആത്മവിദ്യാ സംഘം | കെ കേളപ്പൻ |
| വൈക്കം സത്യഗ്രഹം | അയ്യങ്കാളി |
| ഗുരുവായൂർ സത്യഗ്രഹം | വാക്ഭടാനന്ദൻ |

15. നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ അടയാളപ്പെടുത്തി പേരെഴുതുക.?

(a) ഗോദാവരി (b) ആരവല്ലി

(c) മാൾവാ പീഠഭൂമി (d) കണ്ട്ല 4

## PART - B

16. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ ഏവ ? 3

**അല്ലെങ്കിൽ**

സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികളിൽ ഒന്നാണ് നാട്ടുരാജ്യങ്ങളുടെ സംയോജനം – വിശദമാക്കുക ;

17. അന്താരാഷ്ട്ര ദിനാങ്ക രേഖയുടെ സവിശേഷതകൾ ഏവ ? 3

**അല്ലെങ്കിൽ**

കാറ്റിന്റെ വേഗതയേയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?

18. ചോർച്ചാ സിദ്ധാന്ത പ്രകാരം ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്ന രീതികൾ ഏവ ? 3

**അല്ലെങ്കിൽ**

പഞ്ചശീല തത്വങ്ങൾ എന്തെല്ലാമാണ്?

19. ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രവർത്തനം താരതമ്യം ചെയ്യുക 4

**അല്ലെങ്കിൽ**

രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകളെയും നിർബന്ധിത ചുമതലകളെയും താരതമ്യം ചെയ്യുക.

20. വിദൂര സംവേദന സാങ്കേതിക വിദ്യ കൊണ്ടുള്ള ഉപയോഗങ്ങൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

നൽകിയിട്ടുള്ള മാതൃകാ റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് താഴെ പറയുന്നവ കണ്ടെത്തുക : (4)




a. കോട്ടയുടെ സ്ഥാനം 4 അക്ക ഗ്രിഡ് റഫറൻസിൽ കണ്ടെത്തുക
b. കുഴൽ കിണറിന്റെ സ്ഥാനം 6 അക്ക ഗ്രിഡ് റഫറൻസിൽ കണ്ടെത്തുക.
ചുവടെ നൽകിയിട്ടുള്ള ഗ്രിഡ് റഫറൻസുകൾ ഏതൊക്കെ ഭൂസവിശേഷതകളെ സൂചിപ്പിക്കുന്നു :
c. 8442
d. 815413

21. മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം? 4

**അല്ലെങ്കിൽ**

മൈക്രോഫിനാൻസിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

22. പരമാധികാരം എന്നാൽ എന്ത്? അതിന്റെ വിവിധ തലങ്ങൾ ഏവ ? 4

**അല്ലെങ്കിൽ**

പൊതുഭരണത്തിന്റെ ഭാഗമായ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

23. ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു എന്ന് വിശദമാക്കുക? 4

**അല്ലെങ്കിൽ**

വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന വിവിധയിനം നിക്ഷേപങ്ങൾ ഏവ ?

24. ആഗോള മർദ്ദ മേഖലകൾ എന്നാൽ എന്ത്? മധ്യരേഖാ ന്യൂനമർദ്ദ മേഖലയും ഉപോഷ്ണ ഉച്ചമർദ്ദ മേഖലയും രൂപപ്പെടുന്ന സാഹചര്യം വിവരിക്കുക. 5

**അല്ലെങ്കിൽ**

സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റത്തെ അടിസ്ഥാനമാക്കി അയനാന്ത ദിനങ്ങളുടെയും വിഷുവങ്ങളുടെയും സവിശേഷതകൾ വിശദമാക്കുക.

25. ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വങ്ങളും ചിന്തകന്മാരുടെ ആശയങ്ങളും ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമേകി – പ്രസ്താവന സാധൂകരിക്കുക. 6

**അല്ലെങ്കിൽ**

ചുവടെ നൽകിയ സൂചനകളെ അടിസ്ഥാനമാക്കി ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക ;

- സാമ്രാജ്യത്വ പ്രതിസന്ധികൾ
- സൈനീകസഖ്യങ്ങളുടെ രൂപീകരണം.

– –